**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **05-02-2026 - ൽ മറുപടിയ്ക്ക്**

**പാലാ പൊന്നൊഴുകും തോട് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ മീനച്ചൽ ഗ്രാമപഞ്ചായത്തിൽ പൊന്നൊഴുകുംതോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡിലേയ്ക്ക് തുക നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ ( No. LSGD/PD/11430/2025-EW6) നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | പാലാ നിയോജക മണ്ഡലത്തിൽ 2023-24 ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മീനച്ചിൽ ഗ്രാമപഞ്ചായത്തില പൊന്നൊഴുക്കും തോട് പാലത്തിന് അ പ്രോച്ച് റോഡ് നിർമ്മാണം എന്ന പ്രവൃത്തി കോട്ടയത്തെ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി കോട്ടയം ജില്ലാ കളക്ടർ 32 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ടി പ്രവൃത്തി ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹണം നടത്തേണ്ടതും ടി പ്രവൃത്തിയ്ക്കാവശ്യമായ തുക 4515-00-800-96 എ ന്ന ശീർഷകത്തിൽ നിന്നും LID &EW ചീഫ് എഞ്ചിനീയർ, കോട്ടയം പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.09.2025-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡിലേയ്ക്ക് ടി പ്രവൃത്തിയുടെ അഡ്വാൻസ് ഡെപ്പോസിറ്റായി ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ 15.10.2025-ൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ടി പ്രവൃത്തിയുടെ ചെലവ് ശീർഷകം 5054-03-101-98-00-16-00-NV എന്നാക്കി മാറ്റി ഭരണാനുമതി പുതുക്കിയശേഷം തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് 10.01.2026-ലെ സർക്കാർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറെ അറിയിച്ചിരുന്നു. ടി വിവരം തുടർന്നുള്ള നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിരിക്കുകയാണ് . |
| (ബി) | വർഷങ്ങളുടെ കാലതാമസം എടുക്കുന്ന പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണം ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് വിഭാഗം പാലങ്ങൾ, കോട്ടയം കാര്യാലയം മുഖാന്തരമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ